01/01/22


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**


**ഹർജി നമ്പർ AP No. 632(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.6146/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 21.12.2021**

**ശ്രീമതി സരസമ്മ എ,**
**പുഷ്പ ഭവൻ,**
**TC 5/140,**
**അൽത്താര,**
**ശ്രീകാര്യം, തിരുവനന്തപുരം.** — **അപ്പീൽ ഹർജിക്കാരി**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,**
   **ജോയിന്റ് ഡയറക്ടർ (വികസനം)**
   **പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
   **മ്യൂസിയം – നന്ദാവനം റോഡ്, നന്ദാവനം,**
   **വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം – 695 033.**
2. **അപ്പീൽ അധികാരി &**
   **അഡീഷണൽ ഡയറക്ടർ,**
   **പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
   **മ്യൂസിയം – നന്ദാവനം റോഡ്, നന്ദാവനം,**
   **വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം – 695 033.**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | -- |
| മറുപടി ലഭ്യമാക്കിയ തീയതി | 19/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | -- |
| മറുപടി ലഭ്യമാക്കിയ തീയതി | 04/06/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | -- |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26/08/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17/12/2021<br>കമ്മീഷൻ ആസ്ഥാനം |

| ഹിയറിംഗിലെ സാന്നിധ്യം: | |
|---|---|
| ഹർജിക്കാരി | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി സരസമ്മ എ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി കൃത്യമായ മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിനും തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നും ടിയാളുടെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാൾ മണ്ണും വീടും പദ്ധതിയിൽ അപേക്ഷിച്ചിരുന്നു എന്നും എന്നാൽ ടിയാൾക്ക് 61 വയസ്സ് ആയതിനാൽ ആനുകൂല്യം ലഭിക്കില്ല എന്നാണ് മറുപടി ലഭ്യമായതെന്നും അതിനെ തുടർന്ന് ലൈഫ് മിഷൻ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തി പരിഗണിക്കണമെന്നാവശ്യപ്പെട്ട് SCST ഡയറക്ടർക്ക് അപേക്ഷ നൽകിയെന്നും എന്നാൽ 2021 ലും ടിയാളുടെ പേര് ലിസ്റ്റിൽ വന്നില്ല എന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുമാണ്.

3. ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.04.2021 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയത് 04.06.2021 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. ഒന്നാം എതിർകക്ഷി 17.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയുടെ ധനസഹായം ലഭിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം അപേക്ഷ തിരുവനന്തപുരം കോർപ്പറേഷൻ മുഖേന സമർപ്പിച്ചിരുന്നെന്നും എന്നാൽ ഹർജിക്കാരിയ്ക്ക് 60 വയസ്സ് കഴിഞ്ഞതിനാൽ ആനുകൂല്യം നൽകാൻ വ്യവസ്ഥയില്ലാത്തതാണെങ്കിലും ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ആനുകൂല്യം നൽകാൻ കഴിയുമോ

എന്ന് പരിശോധിച്ച് സർക്കാരിലേക്ക് ശുപാർശ ചെയ്യാൻ തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസർ അഭ്യർത്ഥിച്ചിരുന്നുവെന്നും എന്നാൽ പ്രത്യേക കേസായി പരിഗണിക്കത്തക്ക വിധത്തിലുള്ള മതിയായ കാരണങ്ങൾ ഒന്നും തന്നെ ഇല്ലായിരുന്നതിനാൽ അപേക്ഷകയെ ആ വർഷത്തെ ഭൂരഹിതരുടെ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ടി ഓഫീസിൽ നിന്നും തിരുവനന്തപരും ജില്ലാ പട്ടികജാതി വികസന ഓഫീസറെ അറിയിച്ചിരുന്നെന്നും എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം ആനുകൂല്യ ത്തിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് പൂർണ്ണമായും ലൈഫ് മിഷൻ ലിസ്റ്റിൽ നിന്നായതിനാൽ അപേക്ഷകയെ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെടു ത്താൻ നിലവിലെ മാനദണ്ഡപ്രകാരം കഴിയില്ലായിരുന്നെന്നും ആയത് ടിയാളെ വാക്കാൽ അറിയിച്ചെന്നുമാണ്. എന്നാൽ ടിയാളെ എന്ത് കാരണത്താലാണ് ആനുകൂല്യത്തിന് തെരഞ്ഞെടുക്കാത്തത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് 08.04.2021 ൽ അപേക്ഷ സമർപ്പിച്ചിരുന്നെന്നും ആയതിന് 19.04.2021 ൽ മറുപടി നൽകിയിരു ന്നുവെന്നും ആയതിൽ ലൈഫ് മിഷന്റെ നിലവിലെ മാനദണ്ഡപ്രകാരം വിധവ യായ കുടുംബനാഥനും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങ ളിൽ 25 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകളെ പരിഗണി ക്കുവാൻ കഴിയില്ലാ എന്ന് അപേക്ഷകയെ അറിയിച്ചിരുന്നെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൾ ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും ആയ തിന് 4.06.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർക ക്ഷികൾ മറുപടി ലഭ്യമാക്കിയതായി കാണുന്നു. 17.12.2021 ൽ കമ്മീഷൻ നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാ ണ്. ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ള തായാണ് 17.08.2021 ൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലും ടിയാൻ ഹിയറിംഗ് സമയത്ത് നൽകിയ മൊഴിയിലും പറയുന്നത്. നിലവിൽ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടവരെ മാത്രമാണ് ആനുകൂല്യത്തി നായി തെരഞ്ഞെടുക്കുന്നതെന്നും ആയതിനാൽ അപേക്ഷകയുടെ കാര്യത്തിൽ യാതൊന്നും ചെയ്യുവാൻ കഴിയില്ലെന്നും ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ

പറയുന്നു. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ എതിർകക്ഷികളുടെ ഭാഗത്തു നിന്നും ബോധപൂർവ്വമായോ മനപൂർവ്വമായോ വീഴ്ച വന്നതായി കമ്മീഷൻ കരുതുന്നില്ല. ഇപ്പോൾ ഹർജിക്കാരി 2021 ൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതായി ടിയാളുടെ മൊഴിയിൽ പറയുന്നു. ആയതിനാൽ ടിയാളോട് ആ വിവരം കാണിച്ച് പുതിയ ഒരു അപേക്ഷ ഒന്നാം എതിർകക്ഷിയ്ക്ക് സമർപ്പിക്കുവാൻ കമ്മീഷൻ ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷിയുടെ സാന്നിദ്ധ്യത്തിൽ നിർദ്ദേശിച്ചു. ഹർജിക്കാരിയുടെ നിലവിലെ അപേക്ഷയിൽ മറുപടിയെല്ലാം നൽകിയിരിക്കുന്നതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 21-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION